LIBRARY ARCHIVES Kerala Legislative Assembly

മണ്ണെണ്ണ ബങ്ക് നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.

126 (2945) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് നിർമ്മിക്കുന്നതിന് ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് എൻ.ഒ.സി. ലഭ്യമാകേണ്ടത് എന്നറിയിക്കാമോ ;

(ബി) എൻ.ഒ.സി. ലഭിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ;

(സി) ഇതിനകം ഏതെല്ലാം വകുപ്പുകളിൽ നിന്നും എൻ.ഒ.സി. ലഭിച്ചു എന്നറിയിക്കാമോ ?

ഉത്തരം

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് താഴെ പറയുന്ന വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നും എൻ.ഒ.സി. ആവശ്യമാണ്.

1. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്
2. സൂപ്രണ്ട് ഓഫ് പോലീസ്
3. പി.ഡബ്ല്യു.ഡി.
4. ഫയർ ഫോഴ്സ്

(ബി) എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (എ.ഡി.എം)-ന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) പി.ഡബ്ല്യു.ഡി., പോലീസ്, ഫയർ ഫോഴ്സ് വകുപ്പുകളിൽ നിന്നും എൻ.ഒ.സി. ലഭിച്ചു. എന്നാൽ ഫയർ ഫോഴ്സിന്റെ നിബന്ധനകൾക്ക് അനുസരിച്ചുള്ള വഴി ലഭ്യമല്ലാത്തതിനാൽ മറ്റൊരു സ്ഥലത്തേക്ക് ബങ്ക് മാറ്റുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

127 (2946) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യബന്ധന ഉറമുഖ വകുപ്പുകൾ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി നിലവിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ഏതൊക്കെ ?

ഉത്തരം

മത്സ്യബന്ധന തുറമുഖ വകുപ്പുകൾ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി നിലവിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

128 (2947) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയാൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ അത് പ്രതികൂലമായി ബാധിക്കും എന്നതിനാൽ ടി ശിപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പുകൾ ഒന്നുംതന്നെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

പോള നിർമ്മാർജ്ജനം

129 (2948) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ തോടുകളിലും ആറുകളിലും പോള നിറഞ്ഞ് അതിരൂക്ഷമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിർമ മുഖാന്തിരം നേരത്തെ കുട്ടനാട്ടിൽ നടപ്പിലാക്കിയിരുന്നതുപോലെ പോള നിർമ്മാർജ്ജനം നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) പോളനിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly